(ബി) തുടർ സാക്ഷരത പ്രചരിപ്പിക്കുന്നതിനുവേണ്ടി പ്രിന്റ് ചെയ്ത പുസ്തകങ്ങൾ വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ലക്ഷം രൂപയുടെ പുസ്തകങ്ങൾ എവിടെ എല്ലാം കെട്ടിക്കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ആദിവാസി സമൂഹത്തെ പഠിപ്പിക്കുന്നതിനുവേണ്ടി ഡോക്ടർ എൻ. ഡി. ജോഷി തയ്യാറാക്കിയ പാഠാവലി എത്ര ലക്ഷം കോപ്പികൾ പ്രിന്റ് ചെയ്തു; ഇതിൽ എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു;

(ഡി) ഓരോ പുസ്തകത്തിന്റെയും എഴുത്തുകാർക്ക് റോയൽറ്റി ആയി എന്തു തുക വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇനിയും റോയൽറ്റി നൽകുവാൻ ഉണ്ടോ; എങ്കിൽ എത്ര;

(ഇ) കെട്ടിക്കിടന്ന് കേടുവരുകയും മറ്റും ചെയ്ത പുസ്തകങ്ങൾ കത്തിച്ചുകളയുകയോ നശിപ്പിച്ചുകളയുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ലക്ഷം രൂപയുടെ പുസ്തകങ്ങൾ ഇത്തരത്തിൽ നശിപ്പിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സാക്ഷരതാ മിഷൻ 45 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഇവയുടെ പേരും, പ്രിന്റ് ചെയ്ത കോപ്പികളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.†

(ബി) സംസ്ഥാന സാക്ഷരതാ മിഷനിൽ 42,24,718 രൂപയുടെ പുസ്തകങ്ങൾ കെട്ടിക്കിടക്കുന്നുണ്ട്.

(സി) ആദിവാസി സമൂഹത്തെ പഠിപ്പിക്കുന്നതിനുവേണ്ടി ഡോ. എൻ. ഡി. ജോഷി തയ്യാറാക്കിയ പാഠാവലി 55,000 കോപ്പികൾ പ്രിന്റ് ചെയ്തിട്ടുണ്ട്. ഇതിൽ 23,490 കോപ്പികൾ വിതരണം ചെയ്തു.

(ഡി) ഓരോ പുസ്തകത്തിന്റെയും എഴുത്തുകാർക്ക് പുസ്തകത്തിലെ വാക്കുകളുടെ എണ്ണമനുസരിച്ച് 2000 രൂപ മുതൽ 4000 രൂപ വരെ പ്രതിഫലമായി നൽകിയിട്ടുണ്ട്. ഇനിയും റോയൽറ്റി ഇനത്തിൽ 36,000 രൂപയോളം അനുവദിക്കാനുണ്ട്.

(ഇ) പുസ്തകങ്ങൾക്ക് കേടുപാടുകൾ ഉണ്ടാകാതെ സൂക്ഷിച്ചിരിക്കുന്നതിനാൽ കത്തിച്ചുകളയുകയോ, നശിപ്പിക്കുകയോ ചെയ്തിട്ടില്ല.

ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് കേരള സംസ്ഥാന അസോസിയേഷൻ ഹെഡ് ക്വാർട്ടേഴ്സിൽ നടന്ന പണാപഹരണം

125 [5798] ശ്രീമതി രാധാ രാഘവൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. എ. ചന്ദ്രൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഭാരത് സ്കൗട്ട്സ് ആൻറ് ഗൈഡ്സ് കേരള സംസ്ഥാന അസോസിയേഷൻ ഹെഡ് ക്വാർട്ടേഴ്സിൽ പണാപഹരണം നടന്നിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് തുകയുടെ അപഹരണമാണ് നടന്നത്;

(സി) ഈ പണാപഹരണത്തിനുത്തരവാദികൾ ആരൊക്കെയാണ്;

(ഡി) പണാപഹരണം നടന്ന കാലഘട്ടത്തിൽ ആരൊക്കെയായിരുന്നു പ്രസ്തുത അസോസിയേഷന്റെ സംസ്ഥാന സെക്രട്ടറിയുടെയും ട്രഷററുടേയും ചുമതലകൾ വഹിച്ചിരുന്നത്;

(ഇ) പണാപഹരണത്തിനുത്തരവാദികളായവർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടത്;

(എഫ്) ഇത് സംബന്ധിച്ച് കേസുകൾ എന്തെങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ക്രൈം നമ്പരും മറ്റ് വിശദവിവരങ്ങളും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൻപ്രകാരം 18,60,517 രൂപ അപഹരിക്കപ്പെട്ടതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) പണാപഹരണവുമായി ബന്ധപ്പെട്ട് പണത്തിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന ശ്രീമതി സ്നേഹലതയെ സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്തു. യഥാർത്ഥ കുറ്റവാളികൾ ആരൊക്കെയാണെന്ന് കണ്ടെത്തുന്നതിനുവേണ്ടി പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

(ഡി) ട്രഷറർ

ശ്രീ. എം. വി. ഭാസ്കരപിള്ള,
ചന്ദ്രിക ഭവൻ,
നർമ്മദാ കോംപ്ലക്സിന് എതിർവശം,
കവടിയാർ, തിരുവനന്തപുരം.

സെക്രട്ടറിമാർ

(1) ശ്രീ. കെ. ബി. ചന്ദ്രശേഖരൻ നായർ,
അശ്വതി, കാരാളി ലെയിൻ,
പാൽക്കുളങ്ങര, തിരുവനന്തപുരം.

(2) ശ്രീ. കെ. വാസുദേവൻ നായർ,
കൃഷ്ണ, കുന്നംകുളം, പാലൂർ ലെയിൻ,
മുറിഞ്ഞപാലം, മെഡിക്കൽ കോളേജ് (പി.ഒ.),
തിരുവനന്തപുരം.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പണാപഹരണത്തിനുത്തരവാദികളെ കണ്ടെത്തുന്നതിനായി പോലീസിൽ പരാതി നൽകിയിട്ടുണ്ട്. പണം കൈകാര്യം ചെയ്തിരുന്ന ശ്രീമതി കെ. പി. സ്നേഹലതയെ സസ്പെൻഡ് ചെയ്യുകയും, ട്രഷറർ, സെക്രട്ടറി എന്നിവരെ തൽസ്ഥാനങ്ങളിൽ നിന്നും അന്വേഷണ വിധേയമായി മാറ്റി നിർത്തുകയും ചെയ്തു.

(എഫ്, ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(താഴെപ്പറയുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല. 5690, 5696, 5697, 5713, 5717, 5729, 5730, 5731, 5761, 5775, 5780, 5785, 5786, 5788, 5799.)

II ശ്രദ്ധക്ഷണിക്കൽ

(1) പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിൽ സംരക്ഷിക്കേണ്ടതിന്റെയും വി.ആർ.എസ്. ഉത്തരവ് പിൻവലിക്കേണ്ടതിന്റെയും ആവശ്യകത

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിൽ സംരക്ഷിക്കാനും വി.ആർ.എസ്. നടപ്പിലാക്കാനുള്ള സർക്കാരിന്റെ പുതിയ ഉത്തരവ് പിൻവലിക്കേണ്ടതിനെ സംബന്ധിച്ചും അടിയന്തിര നടപടികൾ 9.30 A. M.] സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. 24-6-2003-ൽ സർക്കാർ ഇറക്കിയ ജി.ഒ.പി. നമ്പർ 73/2003 ഐ.ഡി. പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ വി. ആർ. എസ്. നടപ്പിലാക്കാനുള്ള ഉത്തരവ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കുവാനും ആ സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിനും ആളുകളെ തൊഴിൽരഹിതരാക്കുന്നതിനും ഇടവരുത്തുമെന്നുള്ള കാര്യം അടിയന്തിരമായി ശ്രദ്ധിക്കാൻവേണ്ടിയാണ് ഞാൻ ഇത് ഇവിടെ പറയുന്നത്. ഇതിന്റെ ഭാഗമായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ചില ആനുകൂല്യങ്ങളൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും തൊഴിൽ നഷ്ടപ്പെടുക, വ്യവസായങ്ങൾ അടച്ചു പൂട്ടുക എന്നുള്ളത് തൊഴിലാളികളുടെ ജീവിതഭദ്രതയെയാണ് തകർക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. Trivandrum Spinning Mills Ltd., Kerala Soaps and Oils Ltd., Kerala Ceramics Ltd., Kerala State Textile Corporation Ltd., Malabar Spinning and Weaving Mill, Keltron Counters Ltd., Astral Watches, Sitaram Textiles Ltd., TELK, Auto-cast Ltd., Kerala Garments Ltd., United Electrical Industries Ltd., Kerala Construction and Components Ltd., Keltron Rectifiers Ltd. എന്നീ സ്ഥാപനങ്ങളിലൊക്കെ ഈ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. റിയാബ് ലേലത്തിൽ വച്ച അഞ്ച് സ്ഥാപനങ്ങളിൽ, Keltron Counters Ltd., Kerala State Detergents and Chemicals Ltd., Saliside Chemicals Ltd., Travancore Plywood Industries Ltd., Astral Watches എന്നീ അഞ്ച് സ്ഥാപനങ്ങളിൽ Kerala State Detergents and Chemicals Ltd., കുറ്റിപ്പുറം ഒഴിച്ച് ബാക്കി നാലെണ്ണത്തിനും വിൽപ്പന നടപടി പൂർത്തിയായി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കുറ്റിപ്പുറത്തെ കമ്പനിയും ഏതാണ്ട് വിൽപ്പന സ്റ്റേജിലാണ്. ഈ സ്ഥാപനങ്ങളെല്ലാം വിറ്റഴിക്കപ്പെട്ടാൽ ഈ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കെല്ലാം വി. ആർ. എസ്. പദ്ധതി പ്രകാരം എത്രയൊക്കെ ആനുകൂല്യങ്ങളുണ്ടെങ്കിലും അവരുടെ ജീവിതം വഴിമുട്ടിയിരിക്കുകയാണ്. മാത്രമല്ല ഇതിൽ പ്രഖ്യാപിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly